പൊതു വിദ്യാഭ്യാസ വകുപ്പ് - ഡയറ്റ് എറണാകുളം

'വൈഭവം 2021'

**എസ്.എസ്.എൽ.സി പരീക്ഷ അക്കാദമിക പിന്തുണ**

# കേരളപാഠാവലി

T 22

സമയം : 45 മിനിറ്റ്

സ്കോർ : 20

---

പൊതുനിർദ്ദേശങ്ങൾ

- താഴെ തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് പരമാവധി ലഭിക്കുക 20 സ്കോർ ആയിരിക്കും.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

1. പ്രൗഢവനിത എന്ന പദത്തിന്റ വിഗ്രഹാർത്ഥം ഏത്?
(പ്രൗഢയാകുന്ന വനിത, പ്രൗഢയും വനിതയും, പ്രൗഢയായ വനിത, പ്രൗഢയുടെ വനിത) (സ്കോർ 1)

2. 'അപരിചിതരുടെ <u>സ്വരങ്ങൾ കഴുത്തിനു ചുറ്റും പിരിഞ്ഞുമുറുകി</u>. വെള്ളായിയപ്പനു ശ്വാസം മുട്ടി.' - ഈ പ്രയോഗത്തിന്റെ സവിശേഷാർത്ഥം എഴുതുക. (സ്കോർ 1)

3. ''കവികൾക്ക് ലോകമെമ്പാടും ഒരു ഭാഷയേയുള്ളൂ:
ഇലകൾക്കും തത്തകൾക്കും ഗൗളികൾക്കുമെന്നപോലെ'' - സച്ചിദാനന്ദൻ
- ഒരു ഭാഷ എന്ന പ്രയോഗത്തിലൂടെ വ്യക്തമാകുന്ന രണ്ടു സൂചനകൾ എഴുതുക. (സ്കോർ 2)

4. ''എന്റെ ആശയ്ക്ക് ഒരു താങ്ങലും കൂടി ആയി.'' (ഋതുയോഗം)
- ദുഷ്ഷന്തൻ സൂചിപ്പിക്കുന്ന ആശ എന്താണ്? (സ്കോർ 2)

5. ''ഈ പുലർച്ചെ ആരാ വരാമ്പറഞ്ഞത്?'' പാറാവുകാരൻ പരുക്കനായി പറഞ്ഞു.
* * * * * * *

പാറാവുകാരന്റെ മുഖം പൊടുന്നനെ കനിവുറ്റതായി.
''നാളെയാണ് അല്ലേ?'' പാറാവുകാരൻ പറഞ്ഞു.
- പാറാവുകാരനിൽ പൊടുന്നനെയുണ്ടായ ഭാവമാറ്റത്തിന്റെ കാരണം വ്യക്തമാക്കുക. (സ്കോർ 2)

6. 'ഭർത്താവിന്റെ ഇരിപ്പടത്തിൽ എക്കാലത്തേക്കുമായി താൻ ഉറങ്ങ് പോകുന്നതായി ജൂലിയാന അറിഞ്ഞു'. - ഈ വാക്യത്തിൽ നിന്ന് ലഭ്യമാകുന്ന സൂചനകൾ എന്തെല്ലാം? കഥാസന്ദർഭം മുൻനിർത്തി കുറിക്കുക. (സ്കോർ 2)

7. രാജാവ്: ''എന്റെ മനോവിചാരം പൂർണമായി സിദ്ധിച്ചു.''

ശകുന്തള : ''ദൈവം മത്സരം വിട്ട് എന്റെ നേരെ കരുണ ചെയ്തു എന്നു തോന്നുന്നു.'' - സംഭാഷണം വിശകലനം ചെയ്ത് കഥാപാത്രങ്ങളുടെ മാനസികാവസ്ഥ വ്യക്തമാക്കുന്ന കുറിപ്പ് തയ്യാറാക്കുക. (സ്കോർ 4)

8. ദിവാകരനും നളിനിയും ദീർഘകാലത്തെ വേർപാടിനുശേഷം കണ്ടുമുട്ടുന്നു. അവരുടെ കൂടിക്കാഴ്ച 'പ്രിയദർശനം' ആയിരുന്നുവോ? കാവ്യഭാഗം വിലയിരുത്തി കുറിപ്പ് തയാറാക്കുക. (സ്കോർ 4)

9. ഉപന്യാസം തയ്യാറാക്കുക (സ്കോർ 6)

''എക്കാലത്തും പ്രസക്തങ്ങളായ ജീവിതപാഠങ്ങളാണ് എഴുത്തച്ഛന്റെ കവിതകളുടെ പ്രധാന സവിശേഷത.'' - ഈ പ്രസ്താവനയുടെ സാധുത 'ലക്ഷ്മണസാന്ത്വനം' എന്ന എന്ന പാഠഭാഗം അടിസ്ഥാനമാക്കി പരിശോധിച്ച് ഉപന്യാസം തയ്യാറാക്കുക.

10. പ്രഭാഷണം തയ്യാറാക്കുക. (സ്കോർ 6)

'ഓരോ ദുരന്തവും ജീവിതത്തെ കൂടുതൽ സ്നേഹിക്കാനാണ് എന്നെ പഠിപ്പിച്ചത്.' - ആത്മാവിന്റെ വെളിപാടുകൾ

'ഞാൻ അനുഭവിച്ചു തീർത്ത ജീവിതം ഏറെ ഭയാനകം തന്നെയെന്ന് എനിക്ക് തോന്നാറുണ്ട്. പക്ഷേ, എല്ലാം എങ്ങനെ സഹിച്ചു എന്നെനിക്ക് മനസ്സിലാകുന്നില്ല.' - അക്കർമാശി ഒരാമുഖം

ദസ്തയേവ്സ്കിയുടെയും ശരൺകുമാർ ലിംബാളെയുടെയും ജീവിതാനുഭവങ്ങളും വർത്തമാനകാല സാമൂഹ്യാവസ്ഥകളും പ്രയോജനപ്പെടുത്തി 'ആത്മവിശ്വാസവും ജീവിതവിജയവും' എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കുക.

**-000-**